**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2438** **12-12-2022 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വകുപ്പിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷനിലേക്കുള്ള ഡെപ്യൂട്ടേഷനിൽ ഓരോ വർഷവും പത്ത് ശതമാനം കുറവ് വരുത്താൻ പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനം കൃത്യമായി പാലിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | കൃത്യമായി പാലിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>22.02.2019-ലെ സ.ഉ. (കൈ) നം. 11/2019/ ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരമാണ് സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് സപ്ലൈകോയിലേക്കുള്ള ക്ലർക്ക്, സീനിയർ ക്ലർക്ക് തസ്തികകളിലെ ഡെപ്യൂട്ടേഷൻ പ്രതിവർഷം 10% കുറവ് ചെയ്യാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. തുടർന്ന് 24.07.2019-ലെ സ.ഉ.(കൈ)നമ്പർ.22/2019/ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം ഡെപ്യൂട്ടേഷൻ കുറവ് ചെയ്ത ഉത്തരവ് നടപ്പിലാക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിൽ വന്നു. ഇതിൻപ്രകാരം ക്ലർക്ക് തസ്തികയിലുള്ള 36 പേരെയും സീനിയർ ക്ലർക്ക് തസ്തികയിലുള്ള 30 പേരെയും പ്രതിവർഷം (2019 മുതൽ) സപ്ലൈകോയിൽ നിന്നും വകുപ്പിലേക്ക് തിരിച്ചെടുക്കുന്നുണ്ട്. ഇപ്രകാരം ജീവനക്കാരെ തിരിച്ചെടുക്കുന്നതിന്റെ ഫലമായി സപ്ലൈകോയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സപ്ലൈകോയിലെ യോഗ്യരായ ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ്/ സീനിയർ അസിസ്റ്റന്റ്-II തസ്തികകളിലേക്ക് തസ്തികമാറ്റ നിയമനം /പ്രമോഷൻ അനുവദിക്കുന്നു. 2019, 2020,2021,2022 വർഷങ്ങളിലെ ഡെപ്യൂട്ടേഷൻ കുറവ് ചെയ്ത ഒഴിവുകളിലേക്ക് സപ്ലൈകോയിലെ ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം/പ്രമോഷൻ അനുവദിച്ചിട്ടുണ്ട്.<br><br>11.02.2021 തീയതിയിലെ സ.ഉ(കൈ)നമ്പർ. 09/2021/FCSD നമ്പർ ഉത്തരവ് പ്രകാരം സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നുള്ള റേഷനിംഗ് |

| | | | |
|---|---|---|---|
| | | | ഇൻസ്പെക്ടർമാരുടെ അന്യത്രസേവനവും പ്രതിവർഷം 10% വീതം കുറവ് ചെയ്ത് സർക്കാർ ഉത്തരവായിട്ടുണ്ട്. തത്ഫലമായി പ്രതിവർഷം 40 സീനിയർ അസിസ്റ്റന്റ്-I ഒഴിവുകൾ സപ്ലൈകോയിൽ സൃഷ്ടിക്കപ്പെടുന്നു. ടി തസ്തികകളിലേക്ക് സപ്ലൈകോയിലെ ജീവനക്കാർക്ക് പ്രമോഷൻ അനുവദിക്കുന്നു. 2021, 2022 വർഷങ്ങളിൽ ഇപ്രകാരം സപ്ലൈകോ ജീവനക്കാർക്ക് പ്രമോഷൻ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ